(ഡി) എല്ലാ തസ്തികകളിലേക്കും പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളുവാനാണ് തീരുമാനിച്ചിരിക്കുന്നത് ; വിശദാംശം നൽകുമോ ;

(ഇ) ഇതിനായി എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞാലുടൻ അടുത്ത റാങ്ക് ലിസ്റ്റ് പുറപ്പെടുവിക്കുന്നതിന് മുമ്പായി പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പി.എസ്.സി. യുടെ തെരഞ്ഞെടുപ്പ് പ്രക്രിയകളുടെ പരിഷ്കരണവുമായി ബന്ധപ്പെട്ട് One time registration സംവിധാനവും ഒറ്റത്തവണ പ്രമാണ പരിശോധനാ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പി.എസ്.സി. യുടെ പരീക്ഷാ രീതികൾ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ പരീക്ഷാ സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ പരീക്ഷ മുഖേന റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സാധിക്കും എന്നുമാത്രമല്ല ഭീമമായ പരീക്ഷാ ചെലവ് ഗണ്യമായി കുറയ്ക്കുവാനും കഴിയും. ഇതിനായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് പരീക്ഷാ കേന്ദ്രനിർമ്മാണം പുരോഗമിച്ചുവരുന്നു.

(സി) യൂണിഫോംഡ് ഫോഴ്സസ് തസ്തികകളിൽ വർഷാവർഷം സെലക്ഷൻ നടന്നുവരുന്നു. എൽ.ഡി. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് സെർവ്വന്റ്സ്, അസിസ്റ്റന്റ്/ഓഡിറ്റർ തുടങ്ങിയ തസ്തികകളിൽ റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കുന്ന മുറയ്ക്ക് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ഡി&ഇ) മേൽപ്പറഞ്ഞ സാങ്കേതിക സംവിധാനങ്ങൾ പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുമ്പോൾ പരമാവധി തസ്തികകളുടെ റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുവാൻ കഴിയും.

ദിവസ വേതനാടിസ്ഥാനത്തിലുള്ള അനധികൃത നിയമനം

59 (2875) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്യാതെ ടി ഒഴിവുകളിൽ തങ്ങൾക്ക് താൽപ്പര്യമുള്ളവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ദിവസവേതനാടിസ്ഥാനത്തിൽ 89 ദിവസം ജോലി നൽകുകയും പിന്നെ ഒരു ദിവസത്തെ ബ്രേക്ക് നൽകി ഈ പ്രക്രീയ ആവർത്തിക്കുകവഴി വർഷങ്ങളോളം ജോലിയിൽ തുടരാൻ അനുവദിക്കുകയും ഇതുവഴി പി.എസ്.സി ലിസ്റ്റിൽ ഉള്ള ഉദ്യോഗാർത്ഥികൾക്ക് അർഹമായ നിയമനം നിഷേധിക്കുകയും ചെയ്യുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി

60 (2876) ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പല ഡിപ്പാർട്ടുമെന്റുകളിലും ഉയർന്ന തസ്തികകൾ പ്രൊമോഷൻവഴി നികത്താതെ ഒഴിച്ചിടുന്നതുമൂലം ഫീഡർ തസ്തികയായ എൽ.ഡി.ക്ലാർക്ക് തസ്തികകളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉയർന്ന തസ്തികകളിലേക്ക് സമയബന്ധിതമായി പ്രൊമോഷൻ നൽകി അവ നികത്തുന്നതിനും അതുവഴി എൽ.ഡി.ക്ലാർക്ക് തസ്തികകളിൽ വരുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട ചെയ്യുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കോടതി വിധി, സീനിയോറിറ്റി തർക്കങ്ങൾ, യോഗ്യരായ ജീവനക്കാരുടെ അഭാവം എന്നിവ പ്രൊമോഷൻ നൽകുന്നതിന് തടസ്സമാകുന്ന ചില കാരണങ്ങളാണ്. ഇത്തരം തടസ്സങ്ങൾ ഒഴിവാക്കി റിട്ടയർമെന്റ്, പ്രൊമോഷൻ

LIBRARY ARCHIVES Kerala Legislative Assembly